## വെളിപ്പാടുപുസ്തക പഠനം –11

# ഇതാ അവൻ മേഘാരൂഢനായി വരുന്നു

പാസ്റ്റർ സി.വി. ആൻഡ്രൂസ്

വെളിപ്പാടുപുസ്തകം ഒന്നാം അധ്യായം, വാക്യം ഏഴ്. ''ഇതാ അവൻ മേഘാരൂഢനായി വരുന്നു. ഏതു കണ്ണും അവനെ കുത്തിത്തുളച്ചവരും അവനെ കാണും. ഭൂമിയിലെ ഗോത്രങ്ങളൊക്കെയും അവനെച്ചൊല്ലി വിലപിക്കും. ഉവ്വ്, ആമേൻ.''

## ഇതാ അവൻ മേഘാരൂഢനായി വരുന്നു

ഈ വാക്യം കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വപ്രത്യക്ഷത അഥവാ പരസ്യവരവിനെക്കുറിച്ചുള്ളതാണ്. കർത്താവിന്റെ വീണ്ടും വരവിന് രണ്ട് ഘട്ടങ്ങളുണ്ട്. ഒന്ന് രഹസ്യവരവും രണ്ട് പരസ്യവരവും. രഹസ്യവരവ് തന്റെ സഭയെ ചേർക്കുവാൻ ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതാണ്. അന്ന് വിശുദ്ധന്മാരുടെ അഥവാ സഭയുടെ ഉത്പ്രാപണം നടക്കും. മേഘാരൂഢനായി വരുന്നത് യേശുവിന്റെ പരസ്യവരവാണ്. ഏതു കണ്ണും അവനെ കുത്തിത്തുളച്ചവരും അവനെ കാണത്തക്ക നിലയിൽ ആയിരിക്കും പരസ്യവരവ്.

യേശുവിന്റെ രഹസ്യവരവിൽ താൻ ഭൂമിയിലേക്ക് വരുന്നില്ല. മധ്യാകാശം വരെ വരും. 1തെസ. 4:16 ൽ ഈ വരവിനെക്കുറിച്ച് മനസ്സിലാക്കാം. ''കർത്താവ് താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നും വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽക്കാൻ മേഘങ്ങളിൽ എടുക്കപ്പെടും'' എന്ന് നാം വായിക്കുന്നു. ഈ വരവ് യേശുവിന്റെ മധ്യാകാശവരവ് അഥവാ രഹസ്യവരവാണ്. ഈ വരവ് തന്റെ മണവാട്ടിയായ സഭയെ ചേർക്കുവാനുള്ളതാണ്. ഈ വരവ് ഏതു സമയത്തും നടക്കാം. യോഹന്നാൻ 14:3, ഫിലി 3:20, 1കൊരി 15:52.

കർത്താവിന്റെ രഹസ്യവരവിനെപ്പറ്റി നാലാം അധ്യായത്തിൽ കൂടുതലായി ചിന്തിക്കാം.

വെളിപ്പാട് 1:7ൽ പറഞ്ഞിരിക്കുന്ന വരവ് തന്റെ പരസ്യവരവാണ്. രഹസ്യവരവിൽ സഭയെ സ്വർഗ്ഗത്തിലേക്ക് എടുത്തതിനു ശേഷം ഏഴു വർഷം അന്തിക്രിസ്തുവിന്റെ ഭരണം അല്ലെങ്കിൽ മഹോപദ്രവകാലം ഈ ഭൂമിയിൽ നടക്കും. മഹോപദ്രവകാലത്തിന്റെ അവസാനത്തിൽ നടക്കുന്ന സംഭവമാണ് യേശുക്രിസ്തുവിന്റെ പരസ്യവരവ്. ഈ പുസ്തകത്തിന്റെ ആരംഭത്തിൽ

പരസ്യവരവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നതിന് പ്രത്യേക ഉദ്ദേശമുണ്ട്. ഇസ്രായേലിന്റെ രക്ഷ നടക്കുമെന്നും അന്തിക്രിസ്തുവിനെയും കള്ളപ്രവാചകനെയും തീപ്പൊയ്കയിൽ തള്ളിയിടുമെന്നും സാത്താനെ ആയിരമാണ്ടേക്ക് ചങ്ങലയിട്ട് പൂട്ടുമെന്നും കർത്താവിന്റെ ആയിരമാണ്ട് വാഴ്ച ഈ ഭൂമിയിൽ നടക്കുമെന്നും ഈ പരസ്യവരവ് നമ്മെ വിളിച്ചറിയിക്കുന്നു.

സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട തന്റെ സഭയുമായിട്ടാണ് കർത്താവ് മേഘാരൂഢനായി ഈ ഭൂമിയിലേക്ക് വരുന്നത് (യൂദാ 15, സഖരിയ 14:4). ''നിന്റെ സഹായത്തിനായി അവൻ ആകാശത്തിലൂടെ തന്റെ മഹിമയിൽ മേഘാരൂഢനായി വരുന്നു'' (ആവർത്തനം 33:26). ''അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തു വിളങ്ങും. അന്ന് ഭൂമിയിലെ സകലഗോത്രങ്ങളും പ്രലപിച്ചുകൊണ്ട് മനുഷ്യപുത്രൻ ആകാശമേഘങ്ങളിൽ മഹാശക്തിയോടും തേജസോടുംകൂടെ വരുന്നതും കാണും'' (മത്തായി 24:30, 25:31.). ഈ വാക്യങ്ങളെല്ലാം യേശുക്രിസ്തുവിന്റെ പരസ്യവരവിനെക്കുറിച്ചുള്ളതാണ്.

വെളിപ്പാട് പുസ്തകം 19–ാം അധ്യായം 11–ാം വാക്യത്തിൽ യേശുവിന്റെ പരസ്യവരവ് വെളിപ്പെടുത്തിയിരിക്കുന്നു. ആ ഭാഗം പഠിക്കുമ്പോൾ കൂടുതലായി വിശദീകരിക്കാം. ലോകത്തിന് പാപബോധം വരുത്തുവാൻ വരുന്ന ന്യായാധിപനായ യേശുവാണ് ഇവിടെ വെളിപ്പെടുന്നത്. യേശു തന്റെ ശിഷ്യഗണങ്ങളുമായി ഒലിവുമലയിൽ നിൽക്കുമ്പോൾ അവിടെനിന്ന് സ്വർഗ്ഗാരോഹണം ചെയ്തു; വീണ്ടും ഒലിവുമലയിൽതന്നെ അവിടുന്ന് പ്രത്യക്ഷനാകും. ശിഷ്യന്മാർ കാൺകെ സ്വർഗ്ഗാരോഹണം ചെയ്തതുപോലെ മടങ്ങിവരുന്നതും സകലരും കാൺകെയാണ് (അപ്പ.പ്രവൃത്തി 1: 9–11, സഖരിയ 14:4, മത്തായി 24:64).

മേഘാരൂഢനായി വരുന്നു എന്നു പറഞ്ഞാൽ മേഘങ്ങളെ വാഹനമാക്കി വരുന്നു എന്ന് മനസ്സിലാക്കാം. ഇസ്രായേൽ ജനം നാൽപ്പതു വർഷത്തെ മരുഭൂമി യാത്രയിൽ അവർക്കു ലഭിച്ച സംരക്ഷണം മേഘസ്തംഭത്തിലൂടെ ആയിരുന്നു. മരുഭൂമിയിൽ ദൈവപ്രത്യക്ഷത ഇസ്രായേലിനുണ്ടായപ്പോൾ അത് മേഘത്തിന്മേൽ വിളങ്ങി. ജനം യഹോവയുടെ തേജസ് കണ്ടു എന്നും കാണുന്നു. യേശു മറുരൂപമലയിൽ രൂപാന്തരപ്പെട്ടപ്പോഴും ഒലിവുമലയിൽനിന്ന് സ്വർഗ്ഗാരോഹണം ചെയ്തപ്പോഴും മേഘത്തിന്റെ സാന്നിധ്യം കാണുന്നു. ''മനുഷ്യപുത്രനോടു സദൃശ്യനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നത് ഞാൻ കണ്ടു'' (ദാനിയേൽ 7:13, മർക്കോസ് 13:26, 14:62)

## ഏതു കണ്ണും അവനെ കുത്തിത്തുളച്ചവരും അവനെ കാണും.

ഇസ്രായേൽ ജനതയാണ് യേശുവിന്റെ ക്രൂശീകരണത്തിന് ഉത്തരവാദികൾ. കുത്തിത്തുളച്ചവർ എന്ന് പൊതുവായി ഉദ്ദേശിക്കുന്നത് അവരെക്കുറിച്ചാണ്. എന്നാൽ ആക്ഷരികമായി കുത്തിത്തുളച്ചത് റോമൻ പടയാളികളാണ് (മത്തായി 27:31, മർക്കോസ് 15:16–20, യോഹന്നാൻ 19:23–24,33,34.) അവരും ആക്ഷരികമായി അവിടുത്തെ കാണും. അതെങ്ങനെ?

അന്ത്യനായവിധി നടക്കുന്നത് വെളിപ്പാട് 20:11 മുതൽ 15വരെ വാക്യങ്ങളിൽ വിശദീകരിക്കുന്നുണ്ട്. മരിച്ചുപോയ സകല ദുഷ്ടന്മാരും ആബാലവൃദ്ധം സിംഹാസനത്തിനു മുന്നിൽ നിൽക്കുന്ന സമയമാണിത്. യേശുവിനെ കുത്തിത്തുളച്ച റോമൻ പടയാളികളും അന്ന് യേശുവിന്റെ മുന്നിൽ വന്ന് നിന്ന് അവനെ കാണും.

യേശുവിനെ തള്ളിക്കളഞ്ഞ് അവനെ ക്രൂശിക്കാൻ ഏൽപ്പിച്ചതിന്റെ പൂർണ്ണ ഉത്തരവാദികൾ ഇസ്രായേൽ ജനമാണ്. വരുവാനുള്ള ഇസ്രായേലിന്റെ തലമുറയെ ഉദ്ദേശിച്ചാണ് കുത്തത്തുളച്ചവർ എന്നു പറയുന്നത്. ഏതു കണ്ണും അവനെ കാണും. തന്നെ കുത്തിത്തുളച്ചവരും അവനെ കാണും. എല്ലാവർക്കും കാണത്തക്കവിധത്തിൽ പരസ്യമായിട്ടാണ് ഈ പ്രത്യക്ഷത നടക്കുന്നത്. ഒലിവുമലയിൽനിന്ന് സ്വർഗ്ഗാരോഹണം ചെയ്തു (അപ്പ.പ്രവൃത്തി 1:12) ഒലിവുമലയിലേക്കു തന്നെ വരുന്നു (അപ്പ.പ്രവൃത്തി 14:4). ശിഷ്യന്മാർ കാൺകെ സ്വർഗ്ഗത്തിലേക്കു പോയി (അപ്പ.പ്രവൃത്തി 1:9–11) ഇപ്പോൾ സകലരും കാൺകെ മടങ്ങിവരുന്നു (മത്തായി 26:64). നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവോ എന്ന് ജീവനുള്ള ദൈവത്തെക്കൊൺട് നിന്നോട് ആണയിട്ടു ചോദിക്കുന്നു എന്ന് കയ്യഫാവ് പറഞ്ഞു. ''യേശു കയ്യഫാവിനോട് ഞാൻ ആകുന്നു, ഇനി മനുഷ്യപുത്രൻ സർവ്വശക്തന്റെ വലതുഭാഗത്ത് ഇരിക്കുന്നതും ആകാശമേഘങ്ങളെ വാഹനമാക്കി വരുന്നതും നിങ്ങൾ കാണും എന്ന് ഞാൻ പറയുന്നു'' മത്തായി 26:63–64). അവനെ കുത്തിത്തുളച്ചവർ റോമാക്കാരും യഹൂദന്മാരും ആണെങ്കിലും പാപം ചെയ്യുന്ന എല്ലാവരും അവനെ കുത്തിത്തുളയ്ക്കുന്നവരാണ്.

ഇസ്രായേലിന്റെ വീൺടെടുപ്പിനുവേൺടി യേശു വന്നപ്പോൾ അവർ അവനെ തള്ളിക്കളഞ്ഞു. അവൻ സ്വന്തത്തിലേക്ക് വന്നു, സ്വന്തമായവരോ അവനെ തള്ളിക്കളഞ്ഞു (യോഹന്നാൻ 1:11). അവനെ ക്രൂശിക്ക എന്ന് അവർ ആർത്തട്ടഹസിച്ചു. വാസ്തവത്തിൽ ഇസ്രായേൽ ജനതയാണ് അവനെ കുത്തിത്തുളച്ചത്. സകലഗോത്രങ്ങളും അന്ന് വിലപിക്കുന്നതായും ഇവിടെ കാണുന്നു. അപ്പോൾ ഇവിടെ ഇസ്രായേലിനെ പരാമർശിക്കുന്നു എന്നു വ്യക്തം. ആകയാൽ ക്രിസ്തുവിന്റെ പരസ്യവരവ് നടക്കുമ്പോൾ മരിച്ചുപോയ സകല ഇസ്രായേൽ മക്കളുടെയും ഉയിർപ്പ് നടക്കുമെന്നും അവർ എല്ലാവരും, അന്ന് ജീവിച്ചിരിക്കുന്ന ഇസ്രായേലും യേശുവിനെ കാണുമെന്നും അവർ കുത്തിയിട്ടുള്ളവനെ നോക്കി വിലപിക്കുമെന്നും വേദപണ്ഡിതരുടെ ഇടയിൽ ഒരു അഭിപ്രായമുൺട്. എല്ലാക്കാലത്തും ജീവിച്ചിരുന്ന യഹൂദന്മാർ എല്ലാവരും, മനുഷ്യപുത്രൻ മേഘങ്ങളിൽ വരുന്നത് കാണുമെന്ന് അഭിപ്രായപ്പെടുന്നു.(തുടരും)